പാഠം 8

# പ്രക്ഷുബ്ധമായ കടലിൽനിന്ന് ആകാശമേഘങ്ങളിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനി. 7; 2 തെസ്സ. 2:1–12; റോമ. 8:1; മർക്കൊ. 13:26; ലൂക്കൊ. 9:26; 12:8; 1 തിമൊ. 2:5.**

**മനഃപാഠവാക്യം: "പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും; അവന്റെ രാജത്വം നിത്യരാജത്വമാകുന്നു; സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും" (ദാനി. 7:27).**

ഈ ആഴ്ചയിലെ നമ്മുടെ പഠനവിഷയമായ ദാനിയേൽ 7 ലെ ദർശനം ദാനിയേൽ 2 ലെ സ്വപ്നത്തിനു സമാന്തരമാണ്. എന്നാൽ ദാനിയേൽ 7 ദാനിയേൽ 2 ലെ വെളിപ്പെടുത്തലുകളെ വികസിതമാക്കുന്നു. ഒന്നാമത്, ദർശനം രാത്രിയിൽ സംഭവിക്കുകയും കാറ്റുകളാൽ സമുദ്രം പ്രക്ഷുബ്ധമാകുന്നതിനെ ചിത്രീകരിക്കുകയും ചെയ്യുന്നു. ഇരുട്ടും വെള്ളവും സൃഷ്ടിപ്പിനെ ഓർമ്മപ്പെടുത്തുന്നു. എന്നാൽ ഇവിടെ സൃഷ്ടിപ്പ് എങ്ങനെയോ വികലവും അല്ലെങ്കിൽ ആക്രമിക്കപ്പെട്ടതുമായി കാണപ്പെടുന്നു. രണ്ടാമത്, ദർശനത്തിലെ മൃഗങ്ങൾ അശുദ്ധവും സങ്കരവും ആയിരിക്കെ, സൃഷ്ടി ക്രമത്തിന്റെ ലംഘനത്തെ പ്രതിനിധീകരിക്കുന്നു. മൂന്നാമത്, മൃഗങ്ങൾ അധികാരം നടത്തുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു; അങ്ങനെ അവ തോട്ടത്തിൽവെച്ചു ദൈവം ആദാമിനു നൽകിയ അധികാരത്തെ അപഹരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു. നാലാമത്, മനുഷ്യപുത്രന്റെ വരവോടെ ദൈവത്തിന്റെ അധികാരത്തെ അതിന് അവകാശപ്പെട്ടവർക്കു നൽകപ്പെടുന്നു. ആദാമിനു തോട്ടത്തിൽ നഷ്ടമായതിനെ മനുഷ്യപുത്രൻ സ്വർഗ്ഗത്തിലെ ന്യായവിധിയിൽ തിരിച്ചുപിടിക്കുന്നു.

മുകളിലത്തെ വിവരണം, അത്യന്തം പ്രതീകാത്മകമായ ദർശനത്തിന്റെ പശ്ചാത്തലത്തിലെ ബൈബിൾ സാദൃശ്യത്തിന്റെ ഒരു വിശാലദൃശ്യം നൽകുന്നു. ഭാഗ്യവശാൽ ദർശനത്തിന്റെ നിർണ്ണായകമായ ചില വിശദാംശങ്ങൾ ദൂതൻ തന്നെ വിവരിച്ചുതരുന്നു. അതുകൊണ്ട് ആശ്ചര്യകരമായ ഈ പ്രവചനത്തിന്റെ പ്രധാന രൂപരേഖ നമുക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 22 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## നാലു മൃഗങ്ങൾ

**ദാനിയേൽ 7 വായിക്കുക. ദാനിയേലിനു കാണിക്കപ്പെട്ടതിന്റെ രത്നച്ചുരുക്കം എന്താണ്? ദർശനം എന്തിനെക്കുറിച്ചുള്ളതാണ്?**

ദാനിയേൽ കണ്ട ഓരോ മൃഗവും നെബൂഖദ്നേസ്സറിന്റെ സ്വപ്നബിംബത്തിന്റെ ഓരോ ഭാഗത്തിനും യോജിച്ചുവരുകയും കൂടുതൽ വിശാംശങ്ങൾ നൽകുകയും ചെയ്യുന്നു. ജാതീയ രാജ്യങ്ങളെ സാദൃശീകരിക്കുന്ന മൃഗങ്ങൾ അശുദ്ധ ജന്തുക്കൾ ആയിരിക്കുന്നു എന്നത് രസകരമാണ്. കൂടാതെ, നാലാമത്തെ മൃഗം ഒഴിച്ച് മറ്റുള്ളവ അറിയപ്പെടുന്ന ചില മൃഗങ്ങളുടെ സാദൃശ്യം ഉള്ളവയാണ് എന്ന് ദാനിയേൽ വിവരിക്കുന്നു. ഓരോന്നും അതു പ്രതിനിധാനം ചെയ്യുന്ന രാജ്യത്തിന്റെ പ്രത്യേകതകളോ ചില വസ്തുതകളോ വഹിക്കുന്നവയാണ്.

**സിംഹം:** ഒരു സിംഹം ബാബിലോണിനെ പ്രതിനിധീകരിക്കുന്നതിൽ അത്യന്തം അനുയോജ്യമാണ്. ചിറകുള്ള സിംഹങ്ങളുടെ ചിത്രങ്ങൾ ബാബിലോണിയൻ കൊട്ടാര ചുവരുകളെ അലങ്കരിച്ചിരുന്നു; മറ്റു കലകളിലും അങ്ങനെ കാണപ്പെട്ടിരുന്നു. ദർശനത്തിലെ സിംഹത്തിനു കാലാന്തരത്തിൽ അതിന്റെ ചിറകുകൾ നഷ്ടപ്പെട്ടു. അതിനെ ഒരു മനുഷ്യനെപ്പോലെ നിവർന്നു നിൽക്കുമാറാക്കി, അതിന് ഒരു മനുഷ്യഹൃദയം ലഭിക്കുകയും ചെയ്തു. ഇത് ബാബിലോണിന് ഉണ്ടായ അധഃപതനത്തെ സാദൃശീകരിക്കുന്നു.

**കരടി:** കരടി മീദോ-പേർഷ്യൻ സാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു. അതിന്റെ ഒരു പാർശ്വം ഉയർന്നിരുന്നതു പേർഷ്യക്കാർക്കു മേദ്യരുടെ മേൽ ഉണ്ടായിരുന്ന മേധാവിത്വത്തെ സൂചിപ്പിക്കുന്നു. അതിന്റെ പല്ലുകൾക്കിടയിലെ മൂന്നു വാരിയെല്ലുകൾ അതിന്റെ മൂന്നു പ്രധാന യുദ്ധവിജയങ്ങളെ കാണിക്കുന്നു. ലിഡിയ, ബാബിലോൺ, ഈജിപ്ത്.

**പുള്ളിപ്പുലി:** അതിവേഗതയുള്ള പുള്ളിപ്പുലി മഹാനായ അലക്സാണ്ടർ സ്ഥാപിച്ച ഗ്രീക്കു സാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു. നാലു ചിറകുകൾ ഈ ജീവിയെ കൂടുതൽ വേഗത ഉള്ളതാക്കുന്നു. അലക്സാണ്ടറിന് അത് വളരെ യോജിച്ച വർണനയാണ്. അദ്ദേഹം ചുരുക്കം ചില വർഷങ്ങൾക്കൊണ്ട് അറിയപ്പെട്ട മുഴുവൻ ലോകത്തെയും തന്റെ ആധിപത്യത്തിൽ കൊണ്ടുവന്നു.

**ഭയാനകവും അതിഭീകരവുമായ മൃഗം:** മുൻപറയപ്പെട്ടവയൊക്കെ അതതു മൃഗങ്ങളെ മാത്രം സാദൃശീകരിച്ചപ്പോൾ ഈ സത്വം അതിനു മാത്രമേ സമാനമാകുന്നുള്ളൂ. മുൻപുള്ളവ സിംഹത്തെപ്പോലെ, കരടിയെപ്പോലെ എന്നൊക്കെ പറയപ്പെട്ടെങ്കിൽ, ഇതു മറ്റൊന്നിനെയും പോലെ ചിത്രീകരിക്കപ്പെട്ടില്ല. ഏറെ കൊമ്പുകളുള്ള ഈ മൃഗം മുമ്പുള്ളവയെക്കാൾ ക്രൂരവും അത്യാർത്തിയുള്ളതും ആയിരുന്നു. അങ്ങനെ, ഇതു പ്രാകൃത (ജാതീയ) റോമക്കു യോജിച്ച സാദൃശ്യമാണ്. അതു കീഴടക്കുകയും ഭരിക്കുകയും ഇരുമ്പുപാദങ്ങൾകൊണ്ടു ലോകത്തെ ചവിട്ടിമെതിക്കുകയും ചെയ്തു.

**മനുഷ്യചരിത്രത്തിന്റെ ഈ ആയിരക്കണക്കിനു വർഷങ്ങൾ വരികയും പോകുകയും ചെയ്തു. എല്ലാം പ്രവചിച്ചിരുന്നതുപോലെ തന്നെ. സകല നിലവിളിക്കും അസ്വസ്ഥതയ്ക്കും കാലാകാലങ്ങളിലെ വൻകുഴച്ചിലുകൾക്കും മീതെ ദൈവം ഇനിയും വാഴുന്നു എന്ന അറിവ് നിങ്ങൾക്ക് എത്രമാത്രം ആശ്വാസം തരുന്നു? തിരുവെഴുത്തുകളുടെ വിശ്വാസയോഗ്യതയെക്കുറിച്ച് ഇതെന്തു പഠിപ്പിക്കുന്നു?**

## ചെറിയ കൊമ്പ്

**ദാനിയേൽ 7:7,8, 19-25 വായിക്കുക. നാലാംമൃഗത്തിന്റെ ഭാഗമായിരിക്കുകയും അതിൽനിന്നു നേരിട്ട് ഉയർന്നുവരികയും ചെയ്യുന്ന ചെറിയ കൊമ്പ് എന്ന ശക്തി ആരാകുന്നു?**

പത്തു കൊമ്പുകളോടുകൂടി ലോകത്തെ അത്യന്തം ക്രൂരതയോടെ ഭരിക്കുന്ന ഭയാനക മൃഗം പ്രാകൃത റോമയെ പ്രതിനിധീകരിക്കുന്നു എന്ന് ഇന്നലെ നാം പഠിച്ചു. ഇനി ഇപ്പോൾ ചെറിയ കൊമ്പും അതു പ്രതിനിധീകരിക്കുന്ന ശക്തിയും എന്താണെന്നു ചിന്തിക്കണം. ദർശനത്തിൽ ചിത്രീകരിച്ചിരിക്കുന്ന വിധം നാലാം മൃഗത്തിനു പത്തു കൊമ്പുകളുണ്ട്; ഒരു ചെറിയ കൊമ്പിനു വഴിതെളിക്കുവാൻ അവയിൽ മൂന്നെണ്ണം പിഴുതു കളയപ്പെട്ടു. ഈ കൊമ്പിനു മനുഷ്യനേത്രങ്ങളുണ്ട്, അതു "വമ്പു സംസാരിക്കുകയും ചെയ്യുന്നു" (ദാനി. 7:8). ഈ ചെറിയ കൊമ്പു ഭയാനക മൃഗം പ്രതിനിധീകരിക്കുന്ന യാഥാർത്ഥ്യത്തിൽനിന്നാണ്, അതായത് പ്രാകൃത റോമയിൽനിന്നാണ് ഉത്ഭവിക്കുന്നതെന്നു വ്യക്തമാണ്. ഒരുവിധത്തിൽ ഈ കൊമ്പ് പ്രാകൃത റോമിന്റെ ചില പ്രത്യേകതകൾ പ്രകടമാക്കുകയോ അവയിൽ തുടരുകയോ ചെയ്യുന്നു. അത് അതേ ശക്തിയുടെ ഒരു പിൽക്കാല ഘട്ടം മാത്രമാണ്.

ഈ പ്രത്യേക കൊമ്പ് വിശുദ്ധന്മാരോടു യുദ്ധം ചെയ്യുന്നതായി ദാനിയേൽ കണ്ടു. മൂന്നു നിയമരഹിതമായ പ്രവൃത്തികൾ ചെയ്യുന്ന ഒരു രാജാവാണ് ഈ കൊമ്പെന്നു ദൂതൻ ദാനിയേലിനു വിശദമാക്കിക്കൊടുത്തു: (1) അത്യുന്നതന് എതിരായി വമ്പു പറയുക, (2) അത്യുന്നതന്റെ വിശുദ്ധന്മാരെ പീഡിപ്പിക്കുക, (3) സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുക. അതിന്റെ ഫലമായി വിശുദ്ധന്മാർ അവന്റെ കൈകളിൽ നൽകപ്പെടും. അടുത്തതായി, ചെറിയ കൊമ്പിന്റെ പ്രവർത്തനകാലയളവും ദൂതൻ നൽകി: ***കാലവും കാലങ്ങളും കാലാംശവും.*** പ്രവചന ഭാഷയിലെ ഈ സന്ദർഭത്തിൽ 'കാലം' എന്നതിന്റെ അർത്ഥം 'വർഷം' ആകയാൽ ***കാലങ്ങൾ*** വർഷങ്ങളെ സൂചിപ്പിക്കുന്നു. ഒരു 'ഇരട്ടരൂപം' (dual form) അതായതു രണ്ടുവർഷം. അങ്ങനെ ഇതൊരു മൂന്നര വർഷ പ്രവചന കാലയളവാണ്; വർഷദിനതത്വം അനുസരിച്ചു 1260 വർഷക്കാലത്തെ കാണിക്കുന്നു. ഈ കാലഘട്ടത്തിൽ ചെറിയ കൊമ്പ് ദൈവത്തിന് എതിരായി ഒരു ആക്രമണത്തിന് ഒരുങ്ങും, വിശുദ്ധന്മാരെ പീഡിപ്പിക്കും, ദൈവനിയമത്തിനു മാറ്റം വരുത്തുവാൻ ശ്രമിക്കുകയും ചെയ്യും.

**2 തെസ്സലൊനീക്യർ 2:1-12 വായിക്കുക. അധർമ്മ മൂർത്തിയും (the man of lawlessness) ചെറിയ കൊമ്പും തമ്മിൽ എന്തെല്ലാം സമാനതകൾ ആണുള്ളത്? ഏതു ശക്തിയെക്കുറിച്ചാണു പറയപ്പെട്ടിരിക്കുന്നത്, എന്തുകൊണ്ട്? പ്രാകൃതറോമയിൽ നിന്നുത്ഭവിച്ചു, അന്ത്യത്തോളം നിലനിൽക്കുന്നതും ഇന്നുള്ളതുമായ ഏകശക്തി ഏതാണ്?**

## ന്യായവിസ്താര സഭ ഇരുന്നു

നാലു മൃഗങ്ങളുടെയും അവയെ തുടർന്നുവന്ന ചെറിയ കൊമ്പിന്റെയും ദർശനത്തിനു ശേഷം പ്രവാചകൻ സ്വർഗ്ഗത്തിലെ ഒരു ന്യായവിധിയുടെ രംഗം കണ്ടു (ദാനി. 7:9,10,13,14). കോടതി കൂടുമ്പോൾ സിംഹാസനങ്ങളെ തൽസ്ഥാനങ്ങളിൽ വയ്ക്കുകയും വയോധികനായവൻ തന്റെ ന്യായാസനത്തിൽ വന്നിരിക്കുകയും ചെയ്തു. സ്വർഗ്ഗീയ ദർശനത്തിൽ കണ്ട പ്രകാരം ആയിരമായിരം സ്വർഗ്ഗീയ ജീവികൾ വയോധികനു ശുശ്രൂഷ ചെയ്തു, കോടതി ഉപവിഷ്ടമായി, പുസ്തകങ്ങൾ തുറക്കപ്പെട്ടു.

ഈ ന്യായവിധിയെ സംബന്ധിച്ചു ശ്രദ്ധിക്കേണ്ട സുപ്രധാന വസ്തുത, ചെറിയ കൊമ്പിന്റെ പ്രവർത്തനകാലമായ 1260 വർഷങ്ങൾക്കുശേഷവും (AD 538–1798; വെള്ളിയാഴ്ചയിലെ പാഠം കാണുക) ദൈവത്തിന്റെ അന്തിമരാജ്യം സ്ഥാപിക്കപ്പെടുന്നതിനു മുമ്പുമാണ് ഇതു സംഭവിക്കുന്നത്. വാസ്തവത്തിൽ, ദർശനത്തിൽ മൂന്നു പ്രാവശ്യം താഴെ കാണുന്ന സംഭവക്രമം ആവർത്തിക്കപ്പെട്ടിരിക്കുന്നു; **ചെറിയ കൊമ്പിന്റെ ഘട്ടം (538–1798), സ്വർഗ്ഗത്തിലെ ന്യായവിധി, ദൈവത്തിന്റെ നിത്യരാജ്യം.**

**ദാനിയേൽ 7:13,14,21,22,26,27 വായിക്കുക. ഏതെല്ലാം വിധങ്ങളിൽ ന്യായവിധി ദൈവജനത്തിനു പ്രയോജനം ചെയ്യുന്നു?**

പഴയനിയമം സമാഗമനകൂടാരത്തിൽനിന്നും വിശുദ്ധമന്ദിരത്തിൽനിന്നുമുള്ള പല ന്യായവിധികളെയും വിവരിക്കുന്നുണ്ട്. എന്നാൽ ഇവിടെ പരാമർശിക്കുന്ന ന്യായവിധി വ്യത്യസ്തമാണ്. ഇതൊരു സാർവ്വലൗകിക ന്യായവിധിയാണ്. ഇത് ചെറിയ കൊമ്പിനെ മാത്രമല്ല, അന്തിമമായി ദൈവരാജ്യം അവകാശമാക്കുന്ന വിശുദ്ധന്മാരെയും സംബന്ധിക്കുന്നതാണ്.

ദാനിയേൽ 7 ന്യായവിധിയെ വിവരിക്കുകയോ, അതിന്റെ ആരംഭത്തിന്റെയും അവസാനത്തിന്റെയും സമയവിവരം നൽകുകയോ ചെയ്യുന്നില്ല. പക്ഷേ ദൈവത്തിനും ദൈവജനത്തിനും എതിരേ ചെറിയ കൊമ്പ് ആക്രമണം നടത്തുന്നതിനു തൊട്ടു പിന്നാലെയാണു ന്യായവിധി നടക്കുക എന്ന് അത് അർത്ഥമാക്കുന്നു. സാർവ്വലൗകിക അനുപാതം സംബന്ധിച്ച ന്യായവിധിയുടെ ആരംഭത്തെ ഊന്നിപ്പറയുകയാണ്, അതിനാൽ, ഇവിടത്തെ പ്രധാന കാര്യം. ദാനിയേൽ 8,9 ൽ നിന്നു ന്യായവിധിയുടെ ആരംഭത്തിന്റെ സമയത്തെയും സ്വർഗ്ഗീയ പാപപരിഹാരദിനത്തിലെ സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിന്റെ ശുദ്ധീകരണത്തെ സംബന്ധിച്ച വസ്തുതയും നാം പഠിക്കുന്നതാണ്. ക്രിസ്തുവിന്റെ വീണ്ടുംവരവിനു മുമ്പായി നമുക്കൊരു ന്യായവിധി ഉണ്ടാകുമെന്നും അതു ദൈവജനത്തിന് അനുകൂലം ആയിരിക്കുമെന്നും വ്യക്തം ആണെന്നതാണ് ഇവിടത്തെ പാഠം (ദാനി. 7:22).

**ക്രിസ്തു ക്രൂശിൽ നമുക്കുവേണ്ടി നിർവ്വഹിച്ചതിന്റെ ഒരു അറിവ് ന്യായവിധി ദിനത്തിൽ നമുക്ക് ഉറപ്പുണ്ടാകുന്നതിന് എന്തുകൊണ്ട് അത്ര പ്രധാനം ആയിരിക്കുന്നു? ക്രൂശ് കൂടാതെ നമുക്ക് എന്തു പ്രത്യാശ ഉണ്ടാകുവാനോ അല്ലെങ്കിൽ ഉണ്ടാക്കുവാനോ കഴിയും? (റോമ. 8:1) കാണുക.**

## മനുഷ്യപുത്രന്റെ ആഗമനം

**ദാനിയേൽ 7:13 വായിക്കുക. ആരാണു മനുഷ്യപുത്രൻ? മനുഷ്യപുത്രനെ നിങ്ങൾ എങ്ങനെ തിരിച്ചറിയുന്നു? (മർക്കൊ. 13:26; മത്താ. 8:20; 9:6; ലൂക്കൊ. 9:26; 12:8 എന്നിവയും കാണുക).**

ന്യായവിധി വെളിപ്പെടുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു രൂപം രംഗത്തു പ്രവേശിക്കുന്നു: മനുഷ്യപുത്രൻ. മനുഷ്യപുത്രൻ ആരാകുന്നു? ഒന്നാമത്, മനുഷ്യപുത്രൻ ഒരു സ്വർഗ്ഗീയ വ്യക്തിയാണ്. എന്നാൽ മാനുഷിക പ്രത്യേകതകൾ പ്രദർശിപ്പിക്കുന്നുണ്ട്. ന്യായവിധിയിൽ സജീവമായ ഒരു പങ്കു നിർവ്വഹിക്കുവാൻ വന്നെത്തുന്ന ഒരു ദിവ്യ-മനുഷ്യവ്യക്തിയാണു മനുഷ്യപുത്രൻ. രണ്ടാമത്, ആകാശമേഘങ്ങളോടെ വരുന്ന മനുഷ്യപുത്രൻ പുതിയനിയമത്തിൽ രണ്ടാംവരവിന്റെ സാർവ്വത്രികമായ ഒരു ചിത്രമാണ്. എന്തായാലും, ദാനിയേൽ 7:13 ൽ പ്രത്യേകിച്ചും മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കു വരുന്നതായല്ല വയോധികന്റെ മുമ്പാകെ പ്രത്യക്ഷപ്പെടേണ്ടതിനു സ്വർഗ്ഗത്തിലെ ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കു സമാന്തരമായാണ് നീങ്ങുന്നത്. മൂന്നാമത്, മനുഷ്യപുത്രൻ സ്വർഗ്ഗമേഘങ്ങളോടെ വരുന്നതായുള്ള ചിത്രീകരണം കർത്താവിന്റെ ദൃശ്യമായ പ്രത്യക്ഷതയെയും സുഗന്ധ ധൂപ പുകയിൽ ചുറ്റപ്പെട്ടു, പാപപരിഹാരദിനത്തിൽ സമാഗമനകൂടാരത്തിന്റെ ശുദ്ധീകരണത്തിനായി അതിപരിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുന്ന മഹാപുരോഹിതനെയും ഓർമ്മപ്പെടുത്തുന്നു.

രാജകീയ വ്യക്തിത്വമായ ഈ “മനുഷ്യപുത്രൻ രാജത്വവും അധികാരവും മഹത്വവും” പ്രാപിക്കുകയും “സകല വംശങ്ങളും ദേശങ്ങളും ഭാഷക്കാരും മനുഷ്യപുത്രനെ” സേവിക്കുകയും ചെയ്യുന്നു (ദാനി. 7:14). **‘സേവിക്കുക’ എന്നതിന് ‘ആരാധിക്കുക’** എന്നും തർജ്ജമയുണ്ട്. ഇതു ദാനിയേൽ 1-7 അദ്ധ്യായങ്ങളിൽ ഒൻപതു പ്രാവശ്യം കാണപ്പെടുന്നുണ്ട് (ദാനി. 3:12,14,17,18,28; 6:16,20; 7:14,27). ഒരു ദൈവത്തിന് ആരാധന അർപ്പിക്കുക എന്ന ആശയമാണ് അതു നൽകുന്നത്. അതിനാൽ, ചെറിയ കൊമ്പെന്ന മതസംവിധാനം ദൈവനിയമത്തിൽ മാറ്റംവരുത്താനുള്ള പരിശ്രമത്തിൽ, ദൈവത്തിനു ന്യായമായുള്ള ആരാധനയെ വികലമാക്കിയെങ്കിലും സ്വർഗ്ഗീയ ന്യായവിധി സത്യആരാധന ആത്യന്തികമായി പുനഃസ്ഥാപിക്കപ്പെടുമെന്നാണു കാണിക്കുന്നത്. പാപ്പാത്വവ്യവസ്ഥിതി ആവിഷ്കരിച്ച ആരാധനാ സമ്പ്രദായം വീഴ്ച ഭവിച്ച ഒരു മനുഷ്യനെ ദൈവത്തിനും മനുഷ്യവർഗ്ഗത്തിനും ഇടയിൽ ഒരു മദ്ധ്യസ്ഥൻ ആക്കുന്നു. ദൈവത്തിനുമുമ്പാകെ മനുഷ്യവർഗ്ഗത്തെ പ്രതിനിധാനം ചെയ്യുവാൻ യോഗ്യനായ ഏക മദ്ധ്യസ്ഥൻ ‘മനുഷ്യപുത്രൻ’ മാത്രം ആണെന്നു ദാനിയേൽ കാണിച്ചു തരുന്നു. ബൈബിൾ പറയുന്നതുപോലെ, “ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യനും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ” (1 തിമൊ. 2:5,6).

**യേശുവിന്റെ ജീവിതവും സ്വഭാവവും സംബന്ധിച്ചു നാം ബൈബിളിൽ വായിച്ച സകല കാര്യങ്ങളിൽനിന്നും ഇവിടെ ചിത്രീകരിക്കപ്പെട്ട ന്യായവിധി ചിത്രത്തിൽ യേശു അതിന്റെ ഏറ്റവും കേന്ദ്രസ്ഥാനത്ത് ആയിരിക്കുന്നു എന്നത് എന്തുകൊണ്ട് ആശ്വാസകരമാകുന്നു?**

## അത്യുന്നതന്റെ വിശുദ്ധന്മാർ

**ദൈവത്തിന്റെ ജനത്തിന് ഈ വാക്യങ്ങൾ അനുസരിച്ച് എന്തു സംഭവിക്കുന്നു? ദാനി. 7:18,21,22,25,27.**

"അത്യുന്നതന്റെ വിശുദ്ധന്മാർ" എന്നതു ദൈവജനത്തിന്റെ ഒരു പദവിയാണ്. ചെറിയ കൊമ്പിനാൽ പ്രതിനിധീകരിക്കപ്പെടുന്ന ശക്തിയാൽ അവർ ആക്രമിക്കപ്പെടുന്നു. ദൈവവചനത്തോടു വിശ്വസ്തരായിരിക്കുവാൻ അവർക്കു നിർബ്ബന്ധം ഉണ്ടായിരുന്നതിനാൽ പാപ്പാത്വവാഴ്ചക്കാലത്ത് അവർ പീഡിപ്പിക്കപ്പെട്ടു. പ്രാകൃത റോമാസാമ്രാജ്യവും ക്രിസ്ത്യാനികളെ പീഡിപ്പിച്ചു നാലാമത്തെ മൃഗം. എന്നാൽ ദാനിയേൽ 7:25 ൽ പറയപ്പെടുന്ന പീഡനം പ്രാകൃത റോമാകാലഘട്ടത്തിനുശേഷം മാത്രം ചെറിയ കൊമ്പു മുഖാന്തരം വിശുദ്ധന്മാർക്കുണ്ടായ പീഡനമാണ്.

എന്തായാലും, ദൈവജനം എന്നുമെന്നും ലോകശക്തികളാൽ പീഡനത്തിനു വിധേയരാകുവാൻ അനുവദിക്കപ്പെടുകയില്ല. ദൈവരാജ്യം ലോകരാജ്യങ്ങൾക്കു നീക്കം വരുത്തും. യാഥാർത്ഥ ദർശനത്തിൽ മനുഷ്യപുത്രന് ആധിപത്യവും മഹത്വവും രാജത്വവും നൽകപ്പെട്ടു (ദാനി. 7:14) എന്നതു താല്പര്യകരമാണ്. എന്നാൽ ദൂതൻ നൽകിയ വ്യാഖ്യാനത്തിൽ "വിശുദ്ധന്മാരാണ്" രാജത്വം പ്രാപിക്കുന്നത് (ദാനി. 7:18). ഇവിടെ പരസ്പരവിരുദ്ധമായി ഒന്നും തന്നെയില്ല. കാരണം, മനുഷ്യപുത്രൻ ദൈവത്തോടും മനുഷ്യരോടും ബന്ധമുണ്ട്; അതിനാൽ മനുഷ്യപുത്രന്റെ വിജയം താൻ പ്രതിനിധീകരിക്കുന്നവരുടെയും വിജയമാണ്.

യേശുമശീഹാ ദൈവപുത്രൻ ആണോ എന്നു മഹാപുരോഹിതൻ ചോദിച്ചപ്പോൾ സങ്കീർത്തനം 110:1; ദാനിയേൽ 7:13,14 എന്നിവ ചൂണ്ടിക്കാണിച്ചുകൊണ്ട് യേശു മറുപടി പറഞ്ഞു, "ഞാൻ ആകുന്നു (I am). മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും" (മർക്കൊ. 14:62). ആയതിനാൽ യേശുവാണ് സ്വർഗ്ഗീയ കോടതിയിൽ നമ്മെ പ്രതിനിധാനം ചെയ്യുന്നത്. യേശു ഇപ്പോൾതന്നെ അന്ധകാരശക്തികളെ ജയിച്ചടക്കി തന്നോട് അടുത്തുവരുന്നവർക്ക് ആ വിജയത്തെ പങ്കുവയ്ക്കുകയും ചെയ്യുന്നു. ആയതിനാൽ ഭയപ്പെടുവാൻ ഒന്നുംതന്നെയില്ല. അപ്പൊസ്തലനായ പൗലൊസ് വളരെ യോജിച്ചവിധം പറയുന്നു: "നാമോ, നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു' (റോമർ 8:37-39).

**ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പു ദാനിയേലിന്റെ ദർശനം ചരിത്രത്തെ എത്രമാത്രം കൃത്യതയോടെ ചിത്രീകരിച്ചു എന്നു കാണുക. ഭാവിക്കായുള്ള ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങളെയും വിശ്വസിച്ച് ആശ്രയിക്കുവാൻ പഠിക്കുന്നതിന് ഇതെങ്ങനെ സഹായിക്കുന്നു?**

## കൂടുതൽ പഠനം:

ചരിത്രത്തിലേക്ക് ഓടിച്ചുള്ള ഒരു നോട്ടംപോലും, വടക്കുനിന്നുള്ള പ്രാകൃത വർഗ്ഗങ്ങളുടെ ആക്രമണത്തിൽ റോമാസാമ്രാജ്യം തകർന്നപ്പോൾ, മൂന്നു പ്രാകൃത ഗോത്രങ്ങളെ തകർത്തെറിഞ്ഞു റോമിൽ എ.ഡി. 538 ൽ പരമാധികാരി ആകുവാൻ റോമൻ ബിഷപ്പിനു കഴിഞ്ഞു എന്നു ബോദ്ധ്യമാകും. ഈ നടപടിയിൽ, റോമൻ ചക്രവർത്തിയുടെ സ്ഥാപനപരവും രാഷ്ട്രീയവുമായ പല പ്രവർത്തനങ്ങളും അദ്ദേഹം ഏറ്റെടുത്തു. ഇതിൽനിന്നാണു പാപ്പാത്വം ഉയർന്നുവന്നത്. 1798 ൽ നെപ്പോളിയൻ സിംഹാസനത്തിൽനിന്നു നീക്കുംവരെ ഭൗതികവും മതപരവുമായ അധികാരങ്ങളോടെ അത് അധികാര വാഴ്ച നടത്തി. ഇതു റോമിന് അന്ത്യം വരുത്തിയില്ല. പീഡനത്തിന്റെ ഒരു പ്രത്യേകഘട്ടത്തിന് അവസാനം വരുത്തിയതേ ഉള്ളൂ. ക്രിസ്തുവിന്റെ സ്ഥാനപതിയെന്നു പോപ്പ് അവകാശപ്പെടുക മാത്രമല്ല, ബൈബിളിനു വിരുദ്ധമായ പല ഉപദേശങ്ങളും നടപടികളും ആവിഷ്കരിച്ചു നടപ്പിലാക്കുക കൂടി ചെയ്തു. ആത്മാക്കളുടെ ശുദ്ധീകരണസ്ഥലം (purgatory), പ്രായശ്ചിത്തം (penance), കുമ്പസാരം (auricular confession), ശബ്ബത്തിന്റെ ഞായറാഴ്ചയിലേക്കുള്ള മാറ്റം എന്നിവ പാപ്പാത്വം നടപ്പിലാക്കിയ, “സമയങ്ങളെയും നിയമങ്ങളെയും” മാറ്റുവാനുള്ള നടപടികളിൽ ചിലതു മാത്രമാണ്.

“തന്റെ തന്നെ സ്വന്തം ശക്തികൊണ്ടുമാത്രം മനുഷ്യനു ശത്രുവിന്റെ കുറ്റാരോപണത്തെ നേരിടുവാൻ കഴിയുന്നതല്ല. പാപക്കറ പുരണ്ട വസ്ത്രങ്ങളോടുകൂടി കുറ്റം ഏറ്റുപറഞ്ഞുകൊണ്ട് അവൻ ദൈവമുമ്പാകെ നിൽക്കുന്നു. അനുതാപത്തോടും വിശ്വാസത്തോടുംകൂടി തങ്ങളുടെ ആത്മാക്കളുടെ സംരക്ഷണം തന്നെ ചുമലപ്പെടുത്തിയിട്ടുള്ള എല്ലാവരുടെയും കാര്യത്തിൽ യേശുവാകുന്ന നമ്മുടെ അഭിഭാഷകൻ ഫലപ്രദമായി വാദിച്ച് കുറ്റാരോപകനെ കീഴ്പെടുത്തുന്നു. ദൈവത്തിന്റെ നിയമത്തോടുള്ള യേശുവിന്റെ സമ്പൂർണ്ണ അനുസരണം യേശുവിനു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നേടിക്കൊടുത്തു; യേശു കുറ്റക്കാരനായ മനുഷ്യനു വേണ്ടി കരുണയ്ക്കും അനുരഞ്ജനത്തിനുമായി തന്റെ പിതാവിനോട് അപേക്ഷിക്കുന്നു. തന്റെ ജനത്തിനെതിരായ കുറ്റാരോപകനോടു യേശു പ്രഖ്യാപിക്കുന്നു: ‘സാത്താനേ, യഹോവ നിന്നെ ശാസിക്കുന്നു. ഇവർ എന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്, തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളികൾ; വിശ്വാസത്തിൽ തന്നിൽ ആശ്രയിക്കുന്നവരോടാകട്ടെ യേശു ഉറപ്പു പറയുന്നു, ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും’ (സെഖ. 3:4). Prophets and Kings, pp. 586,587.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **നാലാമത്തെ മൃഗമായ റോമയിൽനിന്ന് ഉത്ഭവിക്കുകയും അതിന്റെ ഭാഗമായി തുടരുകയും ദൈവജനത്തെ പീഡിപ്പിക്കുകയും ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്ന ചെറിയ കൊമ്പിനെ വ്യക്തമായി തിരിച്ചറിയപ്പെട്ടിരിക്കെ അനുമാനങ്ങൾ ആവശ്യമില്ല. യേശുവിന്റെ ആദ്യവരവിന് ഒന്നര നൂറ്റാണ്ടുമുമ്പു ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായ ഒരു രാജാവായിരുന്നു ‘ചെറിയ കൊമ്പെന്ന’ ധാരണയ്ക്ക് എന്തു സ്ഥാനമാണുള്ളത്? ചെറിയ കൊമ്പിനെ തിരിച്ചറിയാനുള്ള വ്യക്തമായ ലക്ഷണങ്ങൾ, ഇനിയും ഭാവിയിൽ വരുവാനുള്ള ഒരാളാണെന്നുള്ള വാദഗതിയിൽനിന്നും നമ്മെ എങ്ങനെ സംരക്ഷിക്കുന്നു?**